**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 545** **24-08-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വരുമാനത്തിലുണ്ടായ നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നിലവിൽവന്നത് മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാരിൽ നിന്നും നഷ്ടപരിഹാര ഇനത്തിൽ ലഭിച്ച വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | ജി.എസ്.ടി. നിലവിൽവന്നത് മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാന സർക്കാരിന് ലഭിച്ച ജി.എസ്.ടി. നഷ്ടപരിഹാര തുകയുടെ വിവരം അനുബന്ധമായി (അനുബന്ധം-1) ചേർക്കുന്നു. |
| (ബി) | ജി.എസ്.ടി. നടപ്പാക്കിയതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ; എങ്കിൽ മുൻപ് ഉണ്ടായിരുന്ന നികുതി ഘടനയുമായി താരതമ്യം ചെയ്യുമ്പോൾ ഓരോ സാമ്പത്തിക വർഷവും നികുതി വരുമാനത്തിൽ എത്ര ശതമാനം നഷ്ടമുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ ജി.എസ്.ടി. നടപ്പിലാക്കിയതിനുമുൻപും ജി.എസ്.ടി. നടപ്പിലായതിനുശേഷവുമുള്ള വരുമാനവും, വളർച്ച നിരക്കും അനുബന്ധമായി (അനുബന്ധം-2) ചേർക്കുന്നു.<br><br>ജി.എസ്.ടി. നടപ്പിലായതിന് മുൻപ് 2013-14 മുതൽ 2016-17 വരെ ഉള്ള നാല് വർഷ കാലയളവിൽ വരുമാനത്തിൽ 28.28% വളർച്ച കൈവരിക്കാൻ സാധിച്ചപ്പോൾ ജി.എസ്.ടി. നടപ്പിലായതിന്ശേഷം 2017-18 മുതൽ 2021-22 വരെ ഉള്ള നാല് വർഷ കാലയളവിൽ 13.56% വളർച്ച കൈവരിക്കാനേ സാധിച്ചിട്ടുള്ളൂ. |
| (സി) | പ്രസ്തുത നഷ്ടം പരിഹരിക്കുന്നതിന് പര്യാപ്തമായ തുക കേന്ദ്രസർക്കാരിൽ നിന്നും നഷ്ടപരിഹാര ഇനത്തിൽ ലഭ്യമായിട്ടുണ്ടോ വ്യക്തമാക്കുമോ; | (സി) | ഉണ്ട്. ജി.എസ്.ടി. നടപ്പിലായതിനെ ത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ നിന്നും എസ്.ജി.എസ്.ടി. കളക്ഷനും, ഐ.ജി.എസ്.ടി. ക്രഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കൂട്ടിക്കിഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്.<br><br>2017–18 മുതൽ 2022-23 ജൂൺ 30 വരെ സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ജി.എസ്.ടി നഷ്ടപരിഹാര തുകയുടേയും, ലഭിച്ച നഷ്ടപരിഹാര |

| | | | |
|---|---|---|---|
| | | | തുകയുടേയും, ബാക്കി ലഭിക്കാനുള്ള തുകയുടേയും വിവരം അനുബന്ധമായി (അനുബന്ധം-3) ചേർക്കുന്നു. |
| (ഡി) | ഉപഭോക്തൃ സംസ്ഥാനമായിട്ടും അവസാന പോയിന്റിൽ നികുതി ഈടാക്കുന്ന ജി.എസ്.ടി. സംവിധാനത്തിൽ സംസ്ഥാന സർക്കാരിന്റെ നികുതി വരുമാനം വർദ്ധിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) | ജി.എസ്.ടി ഡെസ്റ്റിനേഷൻ നികുതി സമ്പ്രദായം ആയതിനാൽ, ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നേട്ടമുണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. കൂടാതെ സേവനമേഖലയിലും നികുതി ചുമത്താമെന്നതിനാൽ ഈ മേഖലകളിൽ നിന്നും കേരളം ഗണ്യമായ നികുതി പിരിവ് പ്രതീക്ഷിച്ചിരുന്നു. എന്നാൽ പ്രതീക്ഷിച്ച വരുമാനം ലഭ്യമായില്ല.<br><br>ജി.എസ്.ടി. നികുതിനിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5%മോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ജി.എസ്.ടി.-യുടെ തുടക്കത്തിൽ ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് 28% (എസ്.ജി.എസ്.ടി 14%) ആയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതിനിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. 28% നികുതി നിരക്കുണ്ടായിരുന്ന ഭൂരിഭാഗം ചരക്കുകളുടെയും നികുതി നിരക്ക് 18%, 12% എന്നിവയായി കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതിപിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. കൂടാതെ, അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന സാധനങ്ങളിൽ നൽകിയ ഐ.ജി.എസ്.ടി നികുതി എസ്.ജി.എസ്.ടി അടയ്ക്കുന്നതിലേക്ക് തട്ടിക്കിഴിക്കുന്നതിലെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി റിട്ടേൺ പൂർണ്ണമാകാത്തതിനാൽ യഥാസമയം ലഭ്യമായിരുന്നില്ല. ഇതും നികുതിപിരിവിനെ ഒരു പരിധി വരെ ബാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനം അഭിമുഖീകരിച്ച തുടർച്ചയായ പ്രകൃതി ദുരന്തങ്ങളും, തുടർന്ന് വന്ന കോവിഡ് മഹാമാരിയും അതിനെ തുടർന്ന് ഉണ്ടായ ലോക്ക് ഡൗൺ സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. |

സെക്ഷൻ ഓഫീസർ

**(അനുബന്ധം-1)**

| Year | Compensation (Cess) (Cr.) | Compensation (Spl window loan) (Cr.) | Total Compensation Received (Cr.) |
|---|---|---|---|
| 2017 – 18 | 2102.00 | 0.00 | **2102.00** |
| 2018 – 19 | 3532.00 | 0.00 | **3532.00** |
| 2019 – 20 | 8111.00 | 0.00 | **8111.00** |
| 2020 -21 | 7062.96 | 5766.00 | **12828.96** |
| 2021 - 22 | 4111.08 | 8739.31 | **12850.39** |
| 2022-23 (June) | 1581.92 | 0.00 | **1581.92** |

**സെക്ഷൻ ഓഫീസർ**

(അനുബന്ധം-2)

| Financial Year | Period | Revenue from taxes subsumed in GST/GST (Cr.) | % Growth |
|---|---|---|---|
| 2012-13 | Pre GST | 13166.93 | |
| 2013-14 | Pre GST | 14456.85 | 9.80 |
| 2014-15 | Pre GST | 15786.15 | 9.19 |
| 2015-16 | Pre GST | 16821.37 | 6.56 |
| 2016-17 | Pre GST | 18546.89 | 10.26 |
| 2017–18 | Pre GST/GST | 18706.08 | 0.86 |
| 2018–19 | GST | 21119.21 | 12.90 |
| 2019–20 | GST | 20072.92 | -4.95 |
| 2020-21 | GST | 19276.53 | -3.97 |
| 2021-22 | GST | 23984.81 | 24.42 |

സെക്ഷൻ ഓഫീസർ

**(അനുബന്ധം-3)**

| Year | Compensation Receivable(Cr.) | Compensation Received (Cr.) | Balance Compensation Receivable (Cr.) |
|---|---|---|---|
| 2017 – 18 | 2159.32 | 2102.00 | 57.32 |
| 2018 – 19 | 3557.79 | 3532.00 | 25.79 |
| 2019 – 20 | 8099.60 | 8111.00 | -11.40 |
| 2020 - 21 | 12841.49 | 12828.96 | 12.53 |
| 2021 - 22 | 12850.39 | 12850.39 | 0.00 |
| 2022 - 23 (June 30) | 3130.72 | 1581.92 | 1548.80 |

(സംസ്ഥാനത്തിന് നഷ്ടപരിഹാരമായി 2017-18 ൽ 57.32 കോടി രൂപയും, 2018-19 ൽ 25.79 കോടി രൂപയും, 2020-21 ൽ 12.53 കോടി രൂപയും ലഭിക്കാനുണ്ട്. 2019-20 ൽ 11.40 കോടി രൂപ അധികം ലഭിച്ചിട്ടുണ്ട്. 2021-2022 സാമ്പത്തികവർഷം സംസ്ഥാനത്തിന് ലഭിക്കുവാനുള്ള നഷ്ടപരിഹാരം പൂർണ്ണമായും ലഭിച്ചിട്ടുണ്ട്. 2022 - 23 ( April - June) വരെ 1548.80 കോടി രൂപ ബാക്കി ലഭിക്കുവാനുണ്ട്.)

**സെക്ഷൻ ഓഫീസർ**